സാക്ഷരകേരളത്തിന്റെ ആദ്യാക്ഷരം
ദീപിക
THE FIRST MALAYALAM DAILY ESTD 1887

06 July 2022

## കേരളത്തിൽ മത്തിയുടെ ലഭ്യതയിൽ വൻ ഇടിവ്

# എങ്കിലും മത്തീ...!

### കഴിഞ്ഞ വർഷം കുറഞ്ഞത് 75 ശതമാനം. 1994നു ശേഷമുള്ള ഏറ്റവും വലിയ ഇടിവ്.

**കൊച്ചി:** മലയാളിയുടെ ഇഷ്ടപ്പെട്ട മീൻ ഇനമായ മത്തിയുടെ ലഭ്യതയിൽ ഗണ്യമായ കുറവെന്നു പഠനം. കഴിഞ്ഞ വർഷം 3297 ടൺ മത്തിയാണ് സംസ്ഥാനത്ത് ലഭിച്ചത്. മുൻവർഷത്തെ അപേക്ഷിച്ച് 75 ശതമാനം കുറവുണ്ടായെന്നു കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനം പറയുന്നു. മത്തിയുടെ ലഭ്യതയിൽ 1994നു ശേഷമുള്ള ഏറ്റവും വലിയ കുറവാണിത്. വാർഷിക ശരാശരിയേക്കാൾ 98 ശതമാനമാണ് കുറഞ്ഞത്. സിഎംഎഫ്ആർഐയിൽ നടന്ന ശില്പശാലയിലാണ് കണക്കുകൾ അവതരിപ്പിച്ചത്.

കേരളത്തിലെ ആകെ സമുദ്രമത്സ്യലഭ്യത 2021ൽ 5.55 ലക്ഷം ടണ്ണാണ്. കോവിഡ് കാരണം മീൻപിടുത്തം വളരെ കുറഞ്ഞ 2020 നേക്കാൾ 54 ശതമാനം വർധനവാണ് ആകെ മത്സ്യലഭ്യതയിലുള്ളത്. 2020ൽ ഇതു 3.6 ലക്ഷം ടണ്ണായിരുന്നു.

കഴിഞ്ഞവർഷം കേരളത്തിൽ ഏറ്റവും പിടിക്കപ്പെട്ട മത്സ്യം മറ്റിനം ചാളകൾ എന്ന് വിളിക്കപ്പെടുന്ന ലെസർ സാർഡിനാണ് (65,326 ടൺ). അയലയും തിരിയാനുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ചാള, മണങ്ങ്, മുള്ളൻ, ആവോലി എന്നിവ കുറഞ്ഞപ്പോൾ ചെമ്മീൻ, കൂന്തൽ, കിളിമീൻ എന്നിവയുടെ ലഭ്യതയിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടി.എം നജ്മുദ്ദീൻ പറഞ്ഞു.

മത്തിയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവ് കാരണം മത്സ്യമേഖലയിലാകെയും ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകിച്ചും കനത്ത നഷ്ടമുണ്ടായി 2014ൽ ലാൻഡിംഗ് സെന്ററുകളിൽ ലഭിച്ചിരുന്ന മത്തിയുടെ വാർഷിക മൂല്യം 608 കോടി രൂപയായിരുന്നത് 2021ൽ 30 കോടി രൂപയായി കൂപ്പുകുത്തി. മറ്റ് മീനുകളുടെ ലഭ്യത കൂടിയെങ്കിലും മത്തിയുടെ കുറവ് കാരണം ഇവർക്ക് ഇക്കാലയളവിൽ 26 ശതമാനം വരെ നഷ്ടമുണ്ടായി. സിഎംഎഫ്ആർഐയിൽ നടന്ന ശില്പശാലയിലാണ് പഠന റിപ്പോർട്ട് അവതരിപ്പിച്ചത്.



### അനിയന്ത്രിത ചെറുമത്സ്യബന്ധനം:

## സമുദ്രമത്സ്യമേഖലയ്ക്ക് നഷ്ടമെന്നു വിദഗ്ധർ

**കൊച്ചി:** അനിയന്ത്രിത ചെറുമത്സ്യബന്ധനം കേരളത്തിന്റെ സമുദ്രമത്സ്യമേഖലയ്ക്ക് വലിയ നഷ്ടമുണ്ടാക്കുന്നതായി വിദഗ്ധർ. കഴിഞ്ഞ വർഷം കേരളത്തിൽ പിടിച്ച കിളിമീനുകളിൽ 31 ശതമാനവും നിയമപരമായി പിടിക്കാവുന്ന വലിപ്പത്തിനേക്കാൾ (എംഎൽഎസ്) ചെറുതായിരുന്നുവെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ശില്പശാലയിൽ വിദഗ്ധർ പറഞ്ഞു.

ചെറിയ മത്സ്യങ്ങളെ അനിയന്ത്രിതമായി പിടിച്ചതിലൂടെ കഴിഞ്ഞ വർഷം 74 കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തെ സമുദ്രമത്സ്യ മേഖലയ്ക്ക് സംവിച്ചിട്ടുള്ളത്. ചെറുമീനുകളെ പിടിക്കുന്നത് തടയുന്ന എം എൽ എസ് നിയമം എല്ലാ തീരദേശസംസ്ഥാനങ്ങളിലും ഒരുപേലെ നടപ്പിലാക്കണം. കാലാവസ്ഥാവ്യതിയാനം, മലിനീകരണം എന്നിവയും സമുദ്രമത്സ്യസമ്പത്തിന് വിനയാകുന്നുണ്ടെന്നും ശിൽപശാലയിൽ അഭിപ്രായമുയർന്നു.

കേരളത്തിലെ സമുദ്രമത്സ്യബന്ധനവും സുസ്ഥിരവികസനവും എന്ന വിഷയത്തിൽ വിവിധ മത്സ്യത്തൊഴിലാളി പ്രതിനിധികളുടെ പങ്കാളിത്തത്തോടെയാണ് ശില്പശാല നടന്നത്. മത്സ്യത്തൊഴിലാളി ഐക്യവേദി പ്രസിഡന്റ് ചാൾസ് ജോർജ് അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ടി.എം നജ്മുദ്ദീൻ , ഡോ. എൻ . അശ്വതി, സിഐഎഫ്ടി പ്രിൻസിപ്പൽ സയന്റിസ്റ്റ് എം.വി. ബൈജു, എംപിഇഡിഎയെ പ്രതിനിധീകരിച്ച് എൻ. കെ.സന്തോഷ് എന്നിവർ വിഷയമവതരിപ്പിച്ചു. ഡോ. പി. ലക്ഷ്മിലത, ഫിഷറീസ് ജോയിന്റ് ഡയറക്ടർ എം.എസ്. സാജു, ടി.വി. ജയൻ എന്നിവർ പ്രസംഗിച്ചു.